No· SIE-
6/11331/72

State Institute of Education
Trivandrum-12
Dt· 20-11-1972

സക്കലർ

വിഷയം:- **ഗൈഡ്ബുക്ക്-വിതരണവും-വിപണനവും-**

1. SIE-6/2013/71 dt· 25-2-71
2. A2-8245/71/TBO Dt. 4-2-72

റെഫറൻസ്:-

3. SIE-6/209/72/3-4-72
4. SIE-6/2950/71/ dt. 11-10-72·

1. കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ചിടത്തോളം പാഠപദ്ധതിയിലും, പാഠപുസ്തകങ്ങളിലും പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്ന നവീകരണപ്രക്രിയയേപ്പററി എല്ലാ അദ്ധ്യാപകരും വിദ്യാഭ്യാസപ്രവർത്തകരും ബോധവാന്മാരായിരിക്കുമെന്നു കരുതുന്നു. ശാസ്ത്രത്തിൻെറയും സാങ്കേതിക വിദ്യയുടെയും മേഖലയിൽ ലോകമെമ്പാടും ഉണ്ടായിട്ടുള്ള വിജ്ഞാനസ്ഫോടനത്തെ കണക്കിലെടുക്കാതിരിക്കാൻ ഒരു പാഠപദ്ധതി നിർമ്മാതാവിനും സാധ്യമല്ല. നമ്മുടെ പാഠപദ്ധതിയുടെ ഉള്ളടക്കം (content) ആധുനിക വിജ്ഞാന ധാരകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനുള്ള ശ്രമത്തിലാണ് നാമിന്ന്. അതൊടൊപ്പം അദ്ധ്യാപനരീതികൾ, മൂല്യനിർണ്ണയനം, ആദിയായവയിലും വളരെയേറെ മാററങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. പാഠപദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ആധുനിക വിജ്ഞാന മേഖലകളിൽ അദ്ധ്യാപകർക്കു വേണ്ടത്ര അവഗാഹം ഉണ്ടാക്കുന്നതിനും സമുചിതമായ പഠനാനുഭവങ്ങൾ ആവിഷ്ക്കരിക്കുക, ആധുനിക മൂല്യനിർണ്ണയനോപാ

ധികഠ സ്വീകരിക്കുക, ആദിയായ ബോധനകർമ്മ പരിപാടികഠക്ക് സഹായകമായ സൂചനകഠ നൽകുന്നതിനും വേണ്ട ബോധനസഹായികഠ ഡിപ്പാർട്ടുമെൻറ് പ്രസിദ്ധീകരിച്ചു വരുന്ന വിവരം എല്ലാ അദ്ധ്യാപകർക്കും അറിവുള്ളതാണല്ലോ. ഈ ഗൈഡ് ബുക്കുകഠ എല്ലാ വിദ്യാലയങ്ങഠക്കും ലഭ്യമാക്കുന്നതിനും ഓരോ അദ്ധ്യാപകൻെറയും ദൈനംദിനാധ്യാപനത്തിൽ സ്വാധീനം ചെലുത്തത്തക്കവിധം അവ ഉപയുക്തമാക്കുന്നതിനുമുള്ള ക്രമീകരണങ്ങഠ ഡിപ്പാർട്ടുമെൻറ് സ്വീകരിച്ചിട്ടുണ്ട്.

2. പ്രസിദ്ധീകൃതമായിട്ടുള്ള ഗൈഡ്ബുക്കുകളിൽ താഴെ പറയുന്നവ സൗജന്യമായി ഓരോ വിദ്യാലയത്തിനും ഇതിനകം ലഭിച്ചിരിക്കണം. അവയിൽ ഏതെങ്കിലും കിട്ടാതെ പോയിട്ടുണ്ടെങ്കിൽ സ്ഥലം അസിസ്റ്റൻറ് എഡ്യൂക്കേഷൻ ആഫീസറയൊ, ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷണൽ ആഫീസറയോ സമീപിച്ച് വാങ്ങുന്നതിന് ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കേണ്ടതാണ്.

1.	മലയാളം	ഗൈഡ്ബുക്ക്— സ്റ്റാൻഡാർഡ്	3 മുതൽ 4 വരെ
2.	കണക്ക്	,, ,,	1 മുതൽ 3 വരെ
3.	സോഷ്യൽസ്റ്റഡീസ്	,, ,,	1 മുതൽ 5 വരെ
4.	ജനറൽ സയൻസ്	,, ,,	1 മുതൽ 5 വരെ

1, 2, ഈ സ്റ്റാൻഡാർഡുകഠക്കായുള്ള മലയാളം ഗൈഡ് ബുക്ക പ്രസിദ്ധീകരിച്ചാലുടൻ, ഓരോ പ്രാഥമിക വിദ്യാലയത്തിനും ഒരു പ്രതി വീതം സൗജന്യമായി ലഭിക്കുന്നതിനുള്ള ഏർപ്പാടുകഠ ചെയ്യുന്നു.

3. വിലക്കുവാങ്ങാനുള്ള ഏതാനും ഗൈഡുകളുടെ കാര്യമാണ് ഇനി പറയുന്നതു്. 6, 7, സ്റ്റാൻറാർഡുകളിലേക്കുള്ള ഫിസിക്സ്, കെമിസ്ട്രി, ബയോളജി, അഞ്ചാം സ്റ്റാൻഡർഡിലെ ഇംഗ്ലീഷ് എന്നിവയുടെ ഗൈഡുബുക്കുകഠ സ്പെഷ്യൽ ഫീ ഫണ്ടുപയോഗിച്ചു വാങ്ങാവുന്നതാണ്.

കൂടാതെ 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ നിലവിലുള്ള മലയാളം ഗൈഡുബുക്കുകളും സ്പെഷ്യൽ ഫീഫണ്ടിൽനിന്നുവാങ്ങാം. മൂന്നും നാലും

ക്ലാസ്സുകളിലെ ഇംഗ്ലീഷ് ഗൈഡ്ബുക്കുകളുടെ മൂന്നു പ്രതികൾവീതം ഓരോ യൂ. പി.സ്കൂളും സ്പെഷ്യൽ ഫീ ഫണ്ടുപയോഗിച്ചു വാങ്ങേണ്ടതാണെന്നുള്ള 25-2-71 ലെ സർക്കുലറിലേക്കു എല്ലാ പ്രധമാദ്ധ്യാപകരുടെയും ശ്രദ്ധ വീണ്ടും ക്ഷണിച്ചുകൊള്ളുന്നു.

4. ഗൈഡ്ബുക്കുകൾ എളുപ്പത്തിൽ ലഭ്യമാകുന്നതിനു വേണ്ട ക്രമീകരണങ്ങൾ ഇതിനകം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഓരോ അസിസ്റ്റൻറ് എഡ്യൂക്കേഷൻ ആഫീസറുടെ ആഫീസിലും ആയിരം രൂപ വരെ വിലക്കുള്ള ഗൈഡ്ബുക്കുകൾ വാങ്ങി സൂക്ഷിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ടെക്സ്റ്റ ബുക്കു ഡിപ്പോകളിൽനിന്നു ലോൺ അടിസ്ഥാനത്തിൽ ഇവ വാങ്ങി എ. ഇ. ഒ. ആഫീസിൽ വിതരണത്തിനും വിൽപ്പനക്കുമായി സൂക്ഷിക്കാനുള്ള കൽപന 4-2-72—ൽ എ/824/571-ാം നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള വിവരം ഓർക്കുമല്ലോ.

കാര്യക്ഷമമായി അദ്ധ്യാപനം നടത്താനാഗ്രഹിക്കുന്ന എല്ലാ അദ്ധ്യാപകരും അവരവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളുടെ ഗൈഡ് ബുക്കുകൾ സ്വന്തമായിത്തന്നെ വാങ്ങാൻ താല്പര്യപ്പെടുമെന്നുള്ളതിൽ സംശയമില്ല. ടെക്സ്റ്റബുക്കു ഡിപ്പോവിൽ പോകാനുള്ള സമയനഷ്ടവും ഇൻഡൻറ് കൊടുക്കുന്നതിനുള്ള പ്രയാസവും ഒഴിവാക്കിക്കൊണ്ടുള്ള പുതിയ ക്രമീകരണം അവർ അങ്ങേയററം സ്വാഗതം ചെയ്യുമെന്നു കരുതുന്നു. ഈ സൗകര്യം പരമാവധി പ്രയോജനപ്പെടുത്തുവാൻ അവരെ പ്രത്യേകം ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

5. ഗൈഡ്ബുക്കുകൾ ഉപയോഗിക്കുന്നതുവഴി പാഠ്യവസ്തുതകളെപ്പററി വ്യക്തമായ ജ്ഞാനം ഉണ്ടാകുന്നതിനും, നവീനസംപ്രദായങ്ങൾ അദ്ധ്യാപന സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാകുന്നതിനും ഇടയാകുന്നു. അവയിൽ കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾക്കു പുറമെ മെച്ചപ്പെട്ടതെന്നു തോന്നുന്ന ഇതരപരിപാടികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കാനുള്ള സ്വാതന്ത്ര്യം അദ്ധ്യാപകർക്കുണ്ടായിരിക്കുന്നതാണ്.

ഏതെല്ലാം ഗൈഡുബുക്കുകൾ ഇപ്പോൾ ലഭ്യമാണെന്നും, അവയുടെ വിതരണത്തിനേർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെന്നും മുകളിൽ പ്രസ്താവിച്ചിട്ടുള്ളതിൽനിന്നു വ്യക്തമാണു്. തങ്ങളുടെ കർമ്മശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഉത്തമസഹായികളായി ഗൈഡുബുക്കുകളെ എല്ലാ അധ്യാപകരും പരിഗണിക്കുകയും അവയിലെ നിർദ്ദേശങ്ങളനുസരിച്ചു് അധ്യാപനം നിർവ്വഹിക്കുവാൻ ദൃഢപ്രതിജ്ഞരാവുകയും ചെയ്യണമെന്നു പ്രത്യേകം അനുസ്മരിപ്പിക്കുന്നു.

(ഒപ്പു്)

ഡയറക്ടർ.